പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1017 — 14-10-2026-ൽ മറുപടിയ്ക്ക്

**മത്സ്യബന്ധനത്തിനിടെ കടലിൽ വച്ച് ഉണ്ടായ അപകടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** — **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ — ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 2016 മുതൽ 2026 വരെയുള്ള ഭരണകാലത്തു മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് ആകെ എത്ര അപകടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2016 മുതൽ 2026 വരെയുള്ള ഭരണകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് ഉണ്ടായ അപകടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | അപകടങ്ങളുടെ എണ്ണം (2016-2026) |
|---|---|---|
| 1 | തിരുവനന്തപുരം | 175 |
| 2 | കൊല്ലം | 78 |
| 3 | ആലപ്പുഴ | 24 |
| 4 | എറണാകുളം | 582 |
| 5 | തൃശ്ശൂർ | 43 |
| 6 | മലപ്പുറം | 247 |
| 7 | കോഴിക്കോട് | 363 |
| 8 | കണ്ണൂർ | 37 |
| 9 | കാസർഗോഡ് | 58 |

**(ബി)** പ്രസ്തുത അപകടങ്ങളിൽപെട്ട് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** അപകടങ്ങളിൽപ്പെട്ടു മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് വകുപ്പിൽ നിന്നും നേരിട്ട് നഷ്ടപരിഹാരം നൽകുന്നില്ല. മത്സ്യ ബോർഡിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ട

മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി അനുവദിച്ച വരുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 10-09-1986 മുതൽ | 15000 രൂപ |
| 10-09-1990 മുതൽ | 21000 രൂപ |
| 10.09.1994 മുതൽ | 25000 രൂപ |
| 10-9-1996 മുതൽ | 50000 രൂപ |
| 01-12-2001 മുതൽ | 100000 രൂപ |
| 07-12-2009 മുതൽ | 200000 രൂപ |
| 07-12-2013 മുതൽ | 300000 രൂപ |
| 07-12-2014 മുതൽ | 500000 രൂപ |
| 16-12-2017 മുതൽ | 10,00,000 രൂപ |

**(സി)** ബോട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച സംഭവങ്ങളിൽ എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ബോട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച സംഭവങ്ങളിൽ വകുപ്പിൽ നിന്നും നഷ്ടപരിഹാരം നൽകുന്നില്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ല ഓഫീസറിൽ നിന്നും നഷ്ടം കണക്കാക്കിയ റിപ്പോർട്ട് ലഭ്യമാക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷ നൽകുവാൻ വകുപ്പിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ ജില്ലാ ഓഫീസർ മുഖേനയോ അപേക്ഷകന് നിർദ്ദേശം നൽകാറുണ്ട്. മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്ക് ഉണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന മത്സ്യ ബോഡിന്റെ തനതു ഫണ്ടിൽ നിന്നും പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് ബോർഡിൽ നിന്നും 2025-26 വർഷത്തിൽ 1 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

**(ഡി)** മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയത് ഏതു വർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 10-09-1986 മുതലാണ് മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുള്ളത്.

**(ഇ)** ഇൻഷ്വറൻസ് പദ്ധതി മുഖേന ആകെ എത്ര പേർക്ക് എത്ര രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**മറുപടി:** 2016 മുതൽ ഇൻഷ്വറൻസ് പദ്ധതി മുഖേന വിതരണം ചെയ്ത തുകയും, ഗുണഭോക്താക്കളുടെ എണ്ണവും അടങ്ങിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ധനസഹായം (രൂപ) (2016-2026) |
|---|---|---|
| 2016-17 | 200 | 3,06,15,506 |
| 2017-18 | 310 | 4,71,70,630 |
| 2018-19 | 237 | 5,95,50,400 |
| 2019-20 | 243 | 5,87,55,996 |
| 2020-21 | 113 | 4,42,84,567 |
| 2021-22 | 388 | 21,19,32,760 |
| 2022-23 | 383 | 16,04,03,527 |
| 2023-24 | 217 | 10,79,98,940 |
| 2024-25 | 139 | 7,64,59,627 |
| 2025-26 | 92 | 8,62,50,939 |
| 2026-27 | 99 | 4,30,72,070 |

**സെക്ഷൻ ഓഫീസർ**